## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 7727

15.07.2014 - ൽ
മറുപടിയ്ക്ക്

## വനിതാ സഹായ ഡസ്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) ലോക്കൽ പോലീസ് സ്റ്റേഷനുകളിൽ പ്രവർത്തിക്കുന്ന വനിതാ സഹായ ഡസ്കുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ വനിതാ പോലീസുകാർ ഉണ്ടോ ;<br><br>(ബി) വനിതാ സഹായ ഡസ്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (എ) യും (ബി) യും | വനിതാ പോലീസ് സ്റ്റേഷനിൽ ആവശ്യത്തിന് വനിതാ പോലീസ് ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 120 വനിതാ സി.പി.ഒ മാരുടെയും 60 വനിതാ എസ്.ഐ മാരുടെയും തസ്തികകൾ സൃഷ്ടിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വനിതാ സഹായ ഡസ്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി വനിതകൾക്കായി ഹെൽപ്പ് ഡെസ്കുകൾ 350 പോലീസ് സ്റ്റേഷനുകളിൽ സ്ഥാപിച്ചിട്ടുണ്ട്. വനിതാ സിവിൽ പോലീസ് ഓഫീസർ മാരുടെ സേവനം ഉറപ്പ് നൽകുന്ന ഇത്തരം ഹെൽപ്പ് ഡെസ്കുകളിലൂടെ വനിതകൾക്ക് നിർഭയം പരാതി നൽകുവാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. കൂടാതെ, ഐ.സി.റ്റി. എനേബിൾഡ് ഹെൽപ്പ് ഡെസ്കുകളിലൂടെ കേരളത്തിലെ ഏത് പോലീസ് സ്റ്റേഷനിലേക്കും ഉള്ള പരാതികൾ മറ്റൊരു സ്റ്റേഷനിൽ നിന്ന് അയയ്ക്കാവുന്നതാണ്. വനിതാ ഹെൽപ്പ് ഡെസ്കുകളുടെ പ്രവർത്തനത്തിന് ആവശ്യമായ സൗകര്യങ്ങൾ നൽകുവാൻ ജില്ലാ പോലീസ് മേധാവികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ